പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3039** **10.03.2017-ന് മറുപടിയ്ക്ക്**

## തലശ്ശേരി-മാഹി ബൈപ്പാസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ. എൻ. ഷംസീർ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി-മാഹി ബൈപ്പാസിന് 2017 ജനുവരി 31 വരെ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്; ഇവയുടെ സർവ്വേ നമ്പർ, സബ് ഡിവിഷൻ നമ്പർ, വില്ലേജ്, ദേശം എന്നിവ തിരിച്ച് ലഭ്യമാക്കുമോ ; | (എ) | 2017 ജനുവരി 31 വരെ 62.4559 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ടി സ്ഥലങ്ങളെ കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) നിർദ്ദിഷ്ട തലശ്ശേരി മാഹി ബൈപ്പാസിൽ ഇനി എത്ര സ്ഥലം ഏറ്റെടുക്കാൻ ബാക്കിയുണ്ട്; ഇവ സർവ്വേ നമ്പർ, സബ് ഡിവിഷൻ നമ്പർ, വില്ലേജ്, ദേശം എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (ബി) | സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായി. |
| (സി) സ്ഥലം ഏറ്റെടുത്ത വകയിൽ എത്ര തുക സ്ഥലം ഉടമകൾക്ക് നൽകാൻ ബാക്കിയുണ്ട്; ഇത് എത്ര മാസം കൊണ്ട് കൊടുത്ത് തീർക്കും; വിശദാംശം അറിയിക്കുമോ? | (സി) | 23.6 കോടി രൂപ ഭൂവുടമകൾക്ക് സ്ഥലം ഏറ്റെടുത്ത വകയിൽ നൽകാനുണ്ട്. ദേശീയപാത അതോറിറ്റിയിൽ നിന്നും ഫണ്ട് ലഭ്യമായാൽ രണ്ട് മാസത്തിനകം നഷ്ടപരിഹാര തുക കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്**